**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5293** **21-03-2025 - ൽ മറുപടിയ്ക്ക്**

**'വയോരക്ഷ' പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ എം മുകേഷ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഒറ്റപ്പെട്ടു പോകുന്ന വയോജനങ്ങൾക്ക് മരുന്ന്, ഡോക്ടർമാരുടെ സേവനം, മറ്റ് മെഡിക്കൽ അസിസ്റ്റൻസ്, കൗൺസലിംഗ് തുടങ്ങിയവ ലഭ്യമാക്കുന്നതിന് സംസ്ഥാനത്ത് 'വയോരക്ഷ' എന്ന പേരിൽ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | സാമൂഹിക, സാമ്പത്തിക, ശാരീരിക വെല്ലുവിളികൾ നേരിടുന്ന മുതിർന്ന പൗരന്മാർക്ക് അടിയന്തിര സാഹചര്യങ്ങളിൽ സഹായം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2021-22 സാമ്പത്തിക വർഷം മുതൽ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് വയോരക്ഷ. ഉപേക്ഷിക്കപ്പെട്ട മുതിർന്ന പൗരന്മാരെ പുനരധിവസിപ്പിക്കുന്നതിനും ഭക്ഷണം നല്കുന്നതിനും പദ്ധതി പ്രയോജനപ്പെടുത്തി വരുന്നു. എൽഡർലൈൻ പദ്ധതി മുഖേനയോ പൊതു പ്രവർത്തകർ മുഖേനയോ കണ്ടെത്തുന്ന വയോജനങ്ങളെ പുനരധിവസിപ്പിക്കുന്നത് സർക്കാർ ഗ്രാൻറ് നൽകാത്ത വൃദ്ധ സദനങ്ങളിലാണെങ്കിൽ പ്രസ്തുത സന്നദ്ധ സംഘടനകൾക്ക് ഇവരുടെ സംരക്ഷണ ചെലവിനായി പ്രതിമാസം 1500/- രൂപ വീതം അന്വേഷണ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി അനുവദിച്ചുവരുന്നു. ഇങ്ങനെ പുനരധിവസിക്കപ്പെടുന്ന വയോജനങ്ങളുടെ ചികിത്സാ ചെലവുകളും പ്രസ്തുത പദ്ധതിയിൽ നിന്നും വഹിക്കാവുന്നതാണ്. പ്രകൃതി ദുരന്തത്തിനു ഇരയാകുന്ന വയോജനങ്ങൾക്ക് അടിയന്തിര വൈദ്യസഹായം, ഭക്ഷണം, എന്നിവ ലഭ്യമാക്കുന്നതിനും പ്രസ്തുത പദ്ധതിയിലൂടെ ധനസഹായം വിനിയോഗിക്കുന്നു. മുതിർന്ന പൗരന്മാർക്കെതിരെയുള്ള അതിക്രമങ്ങൾ, ഗുരുതര അപകടങ്ങൾ, പൊള്ളൽ ഏൽക്കൽ എന്നിവ സംഭവിക്കുമ്പോൾ അടിയന്തിര വൈദ്യസഹായം നൽകുന്നതിനും ഈ പദ്ധതി പ്രയോജനപ്പെടുത്തുന്നുണ്ട്. അടിയന്തരഘട്ടത്തിൽ ആംബുലൻസ് സർവ്വീസ് ലഭ്യമാക്കുന്നതിനും |

| | | | |
|---|---|---|---|
| | | | വയോരക്ഷ പദ്ധതിയിൽ നിന്നും ധനസഹായം ലഭിക്കുന്നു. |
| (ബി) | വീട്ടുകളിൽ വയോജനങ്ങളുടെ പരിചരണം ഹോം നഴ്സുമാരെ ഏൽപ്പിക്കുന്നത് വ്യാപകമായി വരുന്ന പശ്ചാത്തലത്തിൽ ഹോം നഴ്സുമാർക്ക് പ്രോട്ടോകോൾ തയ്യാറാക്കുന്നതിന് പദ്ധതിയുണ്ടോ; ഹോം നഴ്സുമാരുടെ സേവനം ലഭ്യമാക്കുന്ന ഏജൻസികളെ നിയന്ത്രിക്കുന്നതിന് മാനദണ്ഡം കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | പരസഹായം ആവശ്യമായ വയോജനങ്ങളുടെ പരിചരണം ഹോം നേഴ്സ്മാരെ ഏൽപ്പിക്കുന്നത് വ്യാപകമായി വരുന്ന സാഹചര്യത്തിൽ, ഗാർഹിക വയോജന പരിപാലനത്തിനായി കെയർ ഗിവർ, ഹോം നേഴ്സ് എന്നിവരെ റിക്രൂട്ട് ചെയ്യുന്ന സ്ഥാപനങ്ങൾ അമിതമായ ഫീസ് ഇടാക്കുന്നതും ജെറിയാട്രിക് മേഖലയിൽ പരിശീലനം ഇല്ലാത്ത പരിചാരകർ മൂലം വയോജനത്തിനുണ്ടാകുന്ന ബുദ്ധിമുട്ടുകൾ തടയുന്നതിനുമായി നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | സർക്കാരിന്റെ വിവിധ വയോജനസംരക്ഷണ പദ്ധതികളെക്കുറിച്ച് വയോജനങ്ങൾക്ക് ഡിജിറ്റൽ സാക്ഷരത നൽകുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (സി) | സർക്കാരിന്റെ വിവിധ വയോജന സംരക്ഷണ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ വയോജനങ്ങൾക്ക് ലഭിക്കുന്നതിനായി സമഗ്രമായ വെബ് പോർട്ടൽ ആരംഭിക്കുന്നതിനു നടപടി ആരംഭിച്ചിട്ടുണ്ട്. വയോജങ്ങൾക്ക് ഡിജിറ്റൽ സാക്ഷരത നൽകുന്നതുമായി ബന്ധപ്പെട്ടുകൊണ്ട് it@elderly എന്ന പദ്ധതി തദ്ദേശ സ്വയം ഭരണ വകുപ്പ് നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ